പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1997 26.03.2013 ൽ മറുപടിക്ക്

**വൈദ്യുതി ബോർഡിൽ വിദേശസഹായത്തോടെനടപ്പാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിൽ നടപ്പാക്കി വരുന്ന വിദേശ സഹായത്തോടെയു ള്ളപദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഡാം റിഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെൻറ് പ്രോഗ്രാം (ഡ്രിപ്പ്) ആണ് വിദേശ സഹായത്തോടെ ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ 'സെൻട്രൽ വാട്ടർ കമ്മീഷൻ' വഴി ഇന്ത്യാ ഗവൺമെൻറ് ആണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br>വൈദ്യുതി ബോർഡിലെ 28 അണക്കെട്ടുകളുടെ പുനരധിവാസത്തിനും നവീകരണത്തിനുമായി വേൾഡ് ബാങ്ക് സഹായത്തോടു കൂടി 'ഡാം റിഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെൻറ് പ്രോജക്ട് ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികളുടെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിക്ക് 2011 – ലെ നിരക്ക് അനുസരിച്ച് 121.95 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 80% ലോക ബാങ്ക് വായ്പയും 20% സർക്കാർ/KSEB യുടെ വിഹിതവുമാണ്. |
| (സി) പുതുതായി ഏതെങ്കിലും പദ്ധതികൾ വിദേശസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ